<u>**15 -ാം കേരള നിയമസഭ**</u>

<u>**2 -ാം സമ്മേളനം**</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 649** **26-07-2021 - ൽ മറുപടിയ്ക്ക്**

**തേവർകാട് -ചാലേച്ചിറ - വെള്ളാമിത്ര - ലൂർദ് മാതാ ചർച്ച് റോഡിന്റെ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ ജനങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമായ തേവർകാട്- ചാലേച്ചിറ - വെള്ളാമിത്ര - ലൂർദ് മാതാ ചർച്ച് റോഡ് പരിഷ്കരിക്കുന്നതിലെ കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;; | (എ) | തേവർകാട്-ചലേച്ചിറ-വെള്ളാമിത്ര- ലൂർദ്ദ് മാതാ ചർച്ച് റോഡ് പരിഷ്കരിക്കുന്നതിനായി 2008-ലെ തണ്ണീർതട നിയമപ്രകാരം സംസ്ഥാനതല നിരീക്ഷണ സമിതിയുടെ അനുമതി ആവശ്യമാണ്. ടി അനുമതി ലഭ്യമായിട്ടില്ല. ആയതിനാലാണ് പ്രസ്തുത റോഡ് പരിഷ്കരിക്കുന്നതിന് കാലതാമസം നേരിടുന്നത്. |
| (ബി) | 2008 ലെ തണ്ണീർത്തട നിയമം വരുന്നതിനു മുൻപേ ഉപയോഗത്തിലുള്ള ഈ റോഡ് തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്നതെങ്ങനെയാണ് എന്ന് വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത റോഡ് നിലവിൽ ഉള്ളതിനേക്കാൾ കൂടുതൽ വീതിയിലാണ് നവീകരിക്കുന്നത്. ആയതിന് പാടശേഖരങ്ങളിലെ കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടത് ആവശ്യമാണ്. ആയതിനാലാണ് ടി റോഡിന്റെ നവീകരണം 2008-ലെ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്നത്. |
| (സി) | പ്രസ്തുത റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് , കാലതാമസം കൂടാതെ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ അടിയന്തിരമായി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) | സംസ്ഥാനതല നിരീക്ഷണ സമിതിയുടെ അനുമതി ലഭിച്ചാൽ ഉടൻ ആയത് പരിശോധിച്ച് പ്രസ്തുത റോഡിന്റെ നവീകരണം പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ